# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2813 27.01.2014 -ൽ മറുപടിയ്ക്ക്

<u>പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ. എ. പി.അനിൽകുമാർ (ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകി വരുന്നുണ്ടോ; എങ്കിൽ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെന്ന് വിശദമാക്കുമോ; | (എ) പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 50,000/- രൂപ ധനസഹായമായി നൽകി വരുന്നു. വരുമാന പരിധി 50,000/- രൂപയാണ്. ജാതി, വരുമാന സർട്ടിഫിക്കറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും വിവാഹ ധനസഹായം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് സഹിതം വിവാഹ നിശ്ചയം കഴിഞ്ഞയുടനെയോ അല്ലെങ്കിൽ വിവാഹം കഴിഞ്ഞ് ഒരു മാസത്തിനകമോ അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ നഗരസഭ പട്ടിക ജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. തുക വിതരണം ചെയ്യുന്നതിന് മുമ്പായി വിവാഹം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| (ബി) | 2013 നവംബർ 30 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇവയിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; | (ബി) | 2013 നവംബർ 30 വരെ 11075 അപേക്ഷകൾ ലഭിച്ചു. ഇതിൽ 10363 പേർക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | വിവാഹ ധനസഹായം യഥാസമയം അനുവദിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അർഹതപ്പെട്ടവർക്ക് യഥാ സമയം സഹായം അനുവദി ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവാഹ ധനസഹായ തുകയും വരുമാന പരിധിയും വർദ്ധിപ്പിച്ചതിനാൽ ഉണ്ടായ അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും നിമിത്തമാണ് വിവാഹ ധനസഹായം യഥാസമയം നൽകാൻ കഴിയാതിരുന്നത്. 2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 20 കോടി രൂപ 14 ജില്ലകൾക്കുമായി നൽകി വിതരണം നടത്തിയിരുന്നു. മുൻ സാമ്പത്തിക വർഷാവസാനത്തിൽ 3111 ലക്ഷം രൂപ കുടിശ്ശിക യുണ്ടായിരുന്നതിനാൽ ഈ തുക അപര്യാപ്തമായിരുന്നു. ആയതിനാൽ 45,715,0000/- രൂപ റീ-അപ്രോപ്രിയേഷനിലൂടെ കണ്ടെ ത്തുകയും 31.102013 വരെയുള്ള കുടിശ്ശിക തീർപ്പാക്കു ന്നതിനായി ജില്ലകൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |

Rathish

സെക്ഷൻ ഓഫീസർ.